കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോരൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.5/2854/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.04-01-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്).

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

പോരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പോരൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ).1/20

നം കെ.എസ്.എ.എം.പി.എം. 5/2854/2019 തിയ്യതി:04-01-2020

## മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22/10/2018 മുതൽ 05/11/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത്ത് .ആർ, ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്).

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-11-2019 മുതൽ 15-11-2019വരെ.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൽ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. റഷീദ് വി | ഓഡിറ്റർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .അർച്ചന.എൻ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.എം.ജിനചന്ദ്രൻ | 01.04.2019 മുതൽ 31.03.19 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.പി.രാജൻ | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മുഹമ്മദ് സിജിൽ പാന്തൊടി | 01.04.2018മുതൽ 31.03.2019വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി .ബിന്ദു.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജിഷ.പി.ജി | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിനയൻ.പി | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മുഹമ്മദാലി.എ | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഹംസ കുരിക്കൾ.എം.ടി | 01.04.2018മുതൽ 16.08.2018 വരെ |
| | ശ്രീമതി.ലിനി.ജി | 17.08.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ്എഞ്ചിനീ യർ | ശ്രീമതി.ഗ്രീഷ്മ.ജി.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.പി.രാഘവൻ | 01.04.2018മുതൽ 01.03.2019 വരെ |
| | ശ്രീ. സഹറുദ്ധീൻ.എ | 02.03.2019മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.പി.ഉണ്ണിക്കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ഷെമി.പി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| | | |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതി പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കിയില്ല,തിയതി രേഖപ്പെടുത്താതെ രശീതി നൽകി | 1-12 |
| 13 | ഉപയോഗ ക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി ചുമത്തിയില്ല. | 1-13 |
| 14 | 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. | 1-14 |
| 15 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. | 1-15 |
| 16 | ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 17 | NREGS-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകി | 1-17 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 19 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | അഗതിരഹിത കേരളം പദ്ധതി | 1-20 |
| 21 | മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.. | 1-21 |
| 22 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല | 1-22 |
| 23 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 7499 രൂപ. | 1-23 |
| 24 | ഹോമിയോ ഡിസ്പെൻസറി കെട്ടിട റിപ്പയർ എന്ന പദ്ധതി(196/18, 197/19) നടത്തിപ്പിലെ അപാകതകൾ | 1-24 |
| 25 | നിരവിൽകുന്ന് അംഗനവാടി റിപ്പയർ എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 26 | വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ. | 1-26 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ക്ഷീരവകുപ്പിന്റെ വിഹിതം ചേർത്തു നൽകി | 1-27 |
| 28 | മരുന്നുകൾ ലഭ്യമായില്ല. | 1-28 |
| 29 | ഹരിത ഭവനം പദ്ധതി - 40,000 രൂപ പാഴ്ചെലവായി | 1-29 |
| 30 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ | 1-30 |
| 31 | കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. | 1-31 |

| | | |
|---|---|---|
| 32 | ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. | 1-32 |
| 33 | പോരുർ ഗ്രാമപഞ്ചായത്ത്.ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-33 |
| 34 | വീട് പുനരുദ്ധാരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-34 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35 | ഹോമിയോ ഡിസ്പെൻസറി കെട്ടിട റിപ്പയർ എന്ന പദ്ധതി(196/18, 197/19) നടത്തിപ്പിലെ അപാകതകൾ | 3-1 |
| 36 | വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് എന്ന പ്രവ്യത്തി നടത്തിപ്പിലെ അപാകതകൾ. | 3-2 |
| 37 | നിരവിൽകുന്ന് അംഗനവാടി റിപ്പയർ എന്ന പ്രവ്യത്തി നടത്തിപ്പിലെ അപാകതകൾ | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 46 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്.

24.03.2018 തീയതിയിലെ 1 (1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ 2-1(3) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|
| | | | |

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 09.05.2019 | | |

# 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 25223359 |
| വരവ് | 79453804 |
| ആകെ | 104677163 |
| ചെലവ് | 73602956 |
| നീക്കിയിരിപ്പ് | 31074207 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 15854000 | 15854000 | 13965969 | 1888031 |
| വികസന ഫണ്ട്(എസ്.സി.പി) | | 0 | 12330000 | 12330000 | 11329251 | 1000749 |
| വികസനഫണ്ട്(ടി.എസ്.പി) | | 0 | 238000 | 238000 | 0 | 238000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 9898000 | 9898000 | 8621679 | 1276321 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 3257000 | 3257000 | 2932959 | 324041 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് | | 0 | 7358000 | 7358000 | 6146485 | 1211515 |
| ട്രഷറി ടി.എസ്.ബി | | 14690357 | 13611318 | 28301675 | 8891528 | 19410147 |
| ജോയിന്റ്വെൻഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 8950 | 1605680 | 1614630 | 1034741 | 579889 |
| | ജില്ലാ പഞ്ചായത്ത് | 38806 | 1414384 | 1453190 | 1417462 | 35728 |
| ഇ-പെയ്മെൻറ് | | 13254 | 34037 | 47291 | 0 | 47291 |
| അക്കൗണ്ട്-ടി.എസ്.ബി. | | 88219 | 3127 | 91346 | 70 | 91276 |
| എസ്.ബി അക്കൗണ്ട് | | 5262065 | 4680257 | 9942322 | 8352309 | 1590013 |
| തനത് ഫണ്ട് | | 284010 | 2881385 | 36165395 | 578671 | 2586724 |
| ജലനിധി | | 140595 | 145674 | 286269 | 98791 | 187478 |
| സാനിറ്റേഷൻ | | 2046950 | 1433572 | 3480522 | 177200 | 3303322 |
| MGNREGS | | 90566 | 337858 | 428424 | 328869 | 99555 |
| ബിഫണ്ട് | | 0 | 49027029 | 49027029 | 49027029 | 0 |
| എസ്.എസ്.എ | | 3128 | 296 | 11424 | 0 | 11424 |
| സ്പെഷ്യൽ ഗ്രാൻറ് PNB | | 2529339 | 10714166 | 13243505 | 9685882 | 3557623 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 233 | 97290446 | 158 | 60736072 | 0 | 75 | 67.81 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 90566 | 337858 | 428424 | 328869 | 99555 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19705660 | 19705660 | 19705660 | 0 |

# 1-7 ക്ഷേമപദ്ധതികൾ.

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ.</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 560760 | 318 |
| കർഷകതൊഴിലാളിപെൻഷൻ | 4358400 | 303 |
| വിധവാപെൻഷൻ | 16539700 | 1326 |
| വാർദ്ധക്യകാലപെൻഷൻ | 20260200 | 1683 |
| വികലാംഗപെൻഷൻ | 5451200 | 419 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1321300 | 103 |
| വിവാഹ ധനസഹായം | 390000 | 13 |

# 1-8 ക്യാഷ് വേരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. വരവ് തുക അതാത് ദിവസം ബാങ്കിൽ അടവാക്കുന്നതിനാൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

# 1-9 ആഭ്യന്തരനിയന്ത്രണം

1) അസ്സറ്റ് രജിസ്റ്റർ കാലികമല്ല.

2) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

3)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്റ്റുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്റ്റുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്റ്റിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

4)അസി.എൻജിനിയറുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ
a.ടെൻണ്ടർ ഫോം,എംബുക്ക് എന്നിവയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല

b.ഒരു സ്ഥലത്ത് ഒരേ തരം പ്രവർത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകരാരം വാങ്ങിയിട്ടുണ്ട് .

c.നിർവ്വഹണം നടത്തി തുക അനുവദിച്ച ഒരു പ്രവർത്തിയുടെയും മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല
d.നികുതികളുടെ റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല ,വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
e.റോഡ് പ്രവർത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല

f) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-02-2019 | 01.09.2019 മുതൽ 31.09.2019 വരെ | 22-02-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 06.09.2007 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. MGNRGA - ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക [22700] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [99555].
2. MGNRGA - ഇനത്തിൽ Capital contributin (1295140) റവന്യൂ ചെലവിൽ നിന്നും കിഴിവ് വരുത്തിയിട്ടില്ല.
3. Joint Venture Projects- ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ACR ലഭ്യമാക്കിയിട്ടില്ല.
4. ജലനിധി പദ്ധതിയുടെ ബാധ്യതയായി രേഖപ്പെടുത്തിയ തുക [47978] നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല [187478].
5. ഡിപ്പോസിറ്റ് രജിസ്റ്ററുകളിലെ മുന്നിരുപ്പ് AFS മായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1 | Contractorss Retention | 56601 | 0 |
| 2 | Contractors EMD | 280449 | 279981 |
| 3 | Suppliers EMD | 64125 | 67875 |
| 4 | Other Deposits | 63700 | 26200 |
| 5 | Advance to other authorised Agencies | 23430 | 0 |

6. ഔട്ട് ഡോർ കളക്ഷൻ മുഖേന പിരിച്ചെടുക്കുന്ന വസ്തു നികുതി ഇനം തിരിച്ച്( Residential,Non Residential, Current, Arrear)ബന്ധപ്പെട്ട ഹെഡുകളിൽ വരവ് വെക്കുന്നില്ല.
7. വസ്തു നികുതി അരിയർ ഡിമാന്റ്,കളക്ഷൻ എന്നിവ സഞ്ചയയിലേതുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | AFS പ്രകാരം | | സഞ്ചയ പ്രകാരം | |
|---|---|---|---|---|---|
| | | അരിയർ ഡിമാന്റ് | കളക്ഷൻ | അരിയർ ഡിമാന്റ് | കളക്ഷൻ |
| 1 | Residential | 0 | 1183583 | 6369 | 1190097 |
| 2 | Non Residential | 131513 | 1029005 | 173642 | 1029167 |

8. ലഭിക്കാൻ അവശേഷിക്കുന്നതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. ആസ്തികൾക്ക് മൂല്യം നൽകി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. വാർഷിക കണക്കുകളിൽ അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

11. മുൻവർഷത്തെ AFS സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

# 1-12 രശീതി പ്രകാരം പിരിച്ചെടുത്ത മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കിയില്ല,തിയതി രേഖപ്പെടുത്താതെ രശീതി നൽകി

അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകങ്ങളുടെ (ബുക്ക് നമ്പർ.36486,50676,50683) ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1). തിയ്യതി രേഖപ്പെടുത്താതെ രശീതി നൽകുന്നു.

രശീതി ബുക്ക് നമ്പർ 50676 ലെ 1 മുതൽ 3,78 എന്നീ രശീതികളിൽ തിയ്യതി രേഖപ്പെടുത്താതെയാണ് രശീതി നൽകിയിട്ടുള്ളത്.

2). വരവ് തുക അടവാക്കിയതിൽ കുറവ്

ടെണ്ടർ ഫോം,ഇ.എം.ഡി ഇനത്തിൽ അടവാക്കിയിട്ടുള്ള തുക യിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>തുക ലഭിച്ച തിയ്യതി</th><th>രശീതിബുക്ക്/ നമ്പർ</th><th>ലഭിച്ച തുക</th><th>അടവാക്കിയ തുക</th><th>ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തിയ്യതി</th><th>കുറവ്</th></tr>
<tr><td>04.01.2019</td><td>22മുതൽ 43വരെ</td><td>32520</td><td>28890</td><td>5.01.2019</td><td>3630</td></tr>
<tr><td>25.01.2019</td><td>44മുതൽ 50വരെ</td><td>30430</td><td>29717</td><td>25.01.2019</td><td>713</td></tr>
<tr><td>23.02.2019</td><td>50മുതൽ 54വരെ</td><td>5580</td><td>4942</td><td>25.02.2019</td><td>638</td></tr>
<tr><td>തിയതി രേഖപ്പെടുത്തിയിട്ടില്ല.</td><td>50676/01മുതൽ 3 വരെ</td><td>5575</td><td rowspan="2">19635</td><td rowspan="2">30.08.2019</td><td rowspan="2">2540</td></tr>
<tr><td>29.08.2019</td><td>04മുതൽ 12വരെ</td><td>16600</td></tr>
<tr><td>30.08.2019</td><td>13മുതൽ 16വരെ</td><td>5575</td><td>4935</td><td>31.08.2019</td><td>640</td></tr>
<tr><td>02.09.2019</td><td>17മുതൽ32വരെ</td><td>26695</td><td>18690</td><td>02.09.2019</td><td rowspan="2">4450</td></tr>
<tr><td>03.09.2019</td><td>33 മുതൽ32വരെ</td><td>11985</td><td>15540</td><td>03.09.2019</td></tr>
<tr><td>04.09.2019</td><td>40മുതൽ67വരെ</td><td>49265</td><td>56895</td><td>05.09.2019</td><td>-7630</td></tr>
<tr><td colspan="5">ആകെ</td><td>4981</td></tr>
</table>

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 1/8.11.2019 ന് മറുപടിയായി ശ്രദ്ധക്കുറവ് മൂലമാണ് തിയതി രേഖപ്പെടുത്താതെ രശീതി നൽകിയത് എന്നും ടെണ്ടർ ഫോം വിതരണത്തിൽ ജി എസ് ടി ഇനത്തിലുള്ള 4981 രൂപ നേരിട്ട് അടവാക്കിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്,പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രശീതി പ്രകാരമുള്ള മുഴുവൻതുകയും പഞ്ചായത്തിൽ അടവാക്കാത്തത് ശരിയായ നടപടിയല്ല,മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഉപയോഗ ക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി ചുമത്തിയില്ല.

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഉപയോഗക്രമത്തിൽ നിന്ന് വ്യത്യസ്തമായാണ് അവ ഉപയോഗിക്കുന്നത്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് കാരണം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ശ്രീ.നാരായണൻ, കൊമ്പൻ,ഖാദർപടി, അയനിക്കോട് എന്നവരുടെ ഉടമസ്ഥതയിലുള്ള 12/306A,B,C,D എന്നീ നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സിമന്റ് കമ്പി വിൽപ്പന യൂണിറ്റിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് 100m2 ൽ അധികം വിസ്തീർണ്ണമുണ്ട്,എന്നാൽ 100m2താഴെ എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് .100m2 ൽ അധികം വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 50 രൂപയാണ്.

2). ശ്രീ.രവീന്ദ്രൻ, കുന്നമ്മൽ വീട്ടിൽ, വാണിയമ്പലം എന്നവരുടെ ഉടമസ്ഥതയിലുള്ള 9/408A,B നമ്പർ കെട്ടിടങ്ങളിൽ technical expert group എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 3 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വാണിജ്യ ആവശ്യങ്ങൾക്കുള്ള 100m2 ൽ അധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 50 രൂപയാണ്.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. കെട്ടിടങ്ങളുടെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാണിജ്യ / വ്യവസായ യൂണിറ്റുകൾ ഈ കെട്ടിടങ്ങളിൽ ആരംഭിച്ചത് മുതലുള്ള വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.21/14.11.2019) കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് നികുതി നിർണ്ണയിച്ച് വസ്തു നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കിയ ഫീസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ഓഡിറ്റ് തിയ്യതി വരെ നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 224 അപേക്ഷകരിൽ നിന്നായി 54,700/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത്

മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12/14.11.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-15 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , പോരൂർ ഗ്രാമപഞ്ചായത്ത് 2018-19 ൽ 36 പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുകയും ഈ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 124890 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. ഈ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നംപർ 18/14-11-19)

## 1-16 ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

വൗച്ചർ നം.21800503/26.11.18--22992

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം.ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും,രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെസ്സ് അടവാക്കുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു. 2017-18 ൽ പിരിച്ചെടുത്ത രണ്ടാം ഗഡു ലൈബ്രറി സെസ്സ് 14.09..2018 ൽ മാത്രമാണ്,കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത്. ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-17 NREGS-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 3ജീവനക്കാർക്ക് 2018-19 വർഷത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി അക്കൌണ്ടിൽ പണം ഇല്ലാത്തതിനാലും,ഫണ്ട് ലഭ്യമാവുന്ന മുറക്ക് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുമെന്നുമുള്ള ഉറപ്പിലാണ് തുക നൽകിയിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | ജീവനക്കാരൻ |
|---|---|---|
| 21800013/04.04.18 | 20000 | പ്രദീഷ്.കെ.ഓവർസീയർ |
| 21800068/02.05.18 | 20000 | ---ടി---- |
| 21800113/01.06.18 | 20000 | ---ടി---- |
| 21800172/02.07.18 | 20000 | ---ടി---- |
| 21800269/01.08.18 | 20000 | ---ടി---- |
| 21800305/20.08.18 | 18500 | ---ടി---- |
| 21800386/01.10.18 | 21500 | ---ടി---- |
| 21800443/02.11.18 | 20000 | ---ടി---- |
| | | |

| | | |
|---|---|---|
| 21800523/01.12.18 | 20000 | ---ടി---- |
| 21800592/04.01.19 | 20000 | ---ടി---- |
| 21800663/01.02.19 | 20000 | ---ടി---- |
| 21801024/30.03.19 | 9250 | ---ടി---- |
| 21800855/01.03.19 | 20000 | ---ടി---- |
| 21800014/04.04.18 | 18500 | ജിഷ. കെ.പി.ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 21800069/02.05.18 | 18500 | ---ടി---- |
| 21800114/01.06.18 | 18500 | ---ടി---- |
| 21800173/02.07.18 | 18500 | ---ടി---- |
| 21800270/01.08.18 | 18500 | ---ടി---- |
| 21800306/20.08.18 | 18500 | ---ടി---- |
| 21800387/01.10.18 | 18500 | ---ടി---- |
| 21800444/02.11.18 | 18500 | ---ടി---- |
| 21800524/01.12.18 | 18500 | ---ടി---- |
| 21800593/04.01.19 | 18500 | ---ടി---- |
| 21800664/01.02.19 | 18500 | ---ടി---- |
| 21800856/01.03.19 | 18500 | ---ടി---- |
| 21801025/30.03.19(ELS) | 9250 | ---ടി---- |
| 21800014/04.04.18 | 18500 | റജീന.കെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 21800114/01.06.18 | 18500 | ---ടി---- |
| 21800173/02.07.18 | 18500 | ---ടി---- |
| 21800270/01.08.18 | 18500 | ---ടി---- |
| 21800306/20.08.18 | 18500 | ---ടി---- |
| 21800387/01.10.18 | 18500 | ---ടി---- |
| 21800444/02.11.18 | 18500 | ---ടി---- |
| 21800524/01.12.18 | 18500 | ---ടി---- |
| 21800593/04.01.19 | 18500 | ---ടി---- |
| 21800664/01.02.19 | 18500 | ---ടി---- |
| 21800856/01.03.19 | 18500 | ---ടി---- |
| 21801026/30.03.19(ELS) | 8485 | ---ടി---- |
| ആകെ | 692485 | |

ഓഡിറ്റ് എൻക്വയറി നം.4/13.11.2019 ന് മറുപടിയായി 200250 രൂപ ക്രമീകരിച്ചന്റെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 492235 രൂപ കൂടി ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ, തുക വിവിധ സ്ഥാപനങ്ങളിൽ നിക്ഷപിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| | | |

| പ്രൊജക്ടിന്റെ വിശദവിവരം | അനുവദിച്ച തുകയുടെ വിവരം | സ്ഥാപനം/അക്കൌണ്ട്. |
|---|---|---|
| പ്രൊജക്ട് നം.253/19- അംഗൻവാടികളുടെ നിർമ്മാണത്തിന് ഗ്രാ.പ.വിഹിതം | വൌച്ചർ നം.21800906/14.03.19-100000 (കേന്ദ്ര വിഹിതം)<br>ബിൽ നം.17/18-19/20.03.19-200000 (CFC ഗ്രാന്റ്) | മിഷൻ ഡയറക്ടർ, MGNREGS |
| പ്രൊജക്ട് നം.257/19- ജലനിധി പദ്ധതികൾക്ക്ഗ്രാ.പ.വിഹിതം | വൌച്ചർ നം.21800942/20.03.19-139500 | തുക ജലനിധി അക്കൌണ്ടിൽ (A/c no.40191 KLGB,ചെറുകോട് നിക്ഷേപിച്ചു |
| പ്രൊജക്ട് നം.254/19- പി.എച്ച്.സി കെട്ടിട നിർമ്മാണത്തിന് ഗ്രാ.പ.വിഹിതം | വൌച്ചർ നം.21800906/14.03.19-300000 | ജില്ലാ പ്രോഗ്രാം മാനേജർ NHM (ആർദ്രം മിഷൻ) |

ഓഡിറ്റ് എൻക്വയറി (നം.5/13.11.2019) ക്ക് മറുപടിയായി പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. പൂർത്തീകരണ വിവരം ലഭ്യമാകുന്നതു വരെ 739500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-19 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.128/18-(എസ്.സി.കോളനികളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ)

ബിൽ നം.12/18-19/12.03.19.—315360

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഉഷ ഇലക്ട്രോണിക്സ്,തൃത്താല റോഡ്,കുറ്റനാട് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും 144 LED ലൈറ്റുകൾ വാങ്ങിയതിനാണ് മേൽപ്പറഞ്ഞ പ്രകാരം തുക നൽകിയിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-കോളനികളിൽ സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. വാർഡടിസ്ഥാനത്തിൽ വിവരശേഖരണം നടത്തിയതിന്റെ രേഖകൾ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 153 വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും, സ്ഥാപിക്കപ്പെട്ട 144 വിളക്കുകൾക്കാണ് തുക നൽകിയത്.

2-സർക്കുലർ നം.65529/ഡി.സി3/12 തസ്വഭവ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും, ഇതിനാവശ്യമായ സാങ്കേതിക സഹായം KSEB നല്കുന്നതും ആയതിനുള്ള തുക KSEB-യിൽ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. KSEB യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയതായി കാണുന്നില്ല. 20.03.18 ന് ഒപ്പു വച്ച ഉടമ്പടിയിലെ ഖണ്ഡിക 2 പ്രകാരം— KSEB യുമായി ബന്ധപ്പെടേണ്ടതും സൂപ്പർവിഷൻ ചാർജ് അടവാക്കി, വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടതും ഗ്രാമ പഞ്ചായത്താണ്. നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ KSEB LTD-ന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. മാത്രവുമല്ല മേൽ പ്രകാരം സ്ഥാപിച്ച തെരുവു വിളക്കുകൾ ഉപയോഗിക്കുന്നതിന് നാളിതു വരെ അധിക വൈദ്യുതി ചാർജ് അടച്ചിട്ടുമില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പും (4/2018) സ്ഥാപിച്ചതിനു ശേഷവും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് വർദ്ധിച്ചിട്ടില്ല. (പ്രതിമാസം 28133 രൂപ). ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലം വൈദ്യുതി ബോർഡിന് സാമ്പത്തിക നഷ്ടവും ഊർജ്ജ നഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

3-വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രമനുസരിച്ച് സ്ഥാപനത്തിന് തുക നൽകുകയാണ് ചെയ്തത്.

4- സ്ഥാപനവുമായി ഒപ്പു വച്ച കരാറിലെ ഖണ്ഡിക 5 പ്രകാരം 36 മാസത്തെ വാറന്റി ലൈറ്റുകൾക്കുണ്ട്. വാറന്റി കാലയളവിലുള്ള കേടുപാടുകൾ കമ്പനി പരിഹരിക്കണമെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവ് വിളക്ക് പരാതി രജിസ്റ്ററിൽ, വിളക്കുകൾ സ്ഥാപിച്ചതിനു ശേഷവും ലൈറ്റുകൾ കത്താത്തത് സംബന്ധിച്ച് പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിഹരിച്ചത് സംബന്ധിച്ച് വിവരം രജിസ്റ്ററിലോ, ബന്ധപ്പെട്ട ഫയലിലോ ലഭ്യമല്ലാത്തതിനാൽ പരാതികൾ പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/13.11.2019) ക്ക് KSEB യിൽ നിന്നും വാക്കാൽ അനുമതി ലഭിച്ചതിനു ശേഷമാണ് വിളക്കുകൾ സ്ഥാപിച്ചതെന്ന മറുപടി അംഗീകരിക്കുന്നില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-20 അഗതിരഹിത കേരളം പദ്ധതി

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ തുടർസേവന പ്രൊജക്ടായിരുന്നു. നിലവിലുണ്ടായിരുന്നത്. ആയത് 31.03.2012ന് അവസാനിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിക്കുകയാണുണ്ടായത്. പിന്നീട് 2018-19 വരെ പദ്ധതി നടന്നിട്ടില്ല. ഓരോ വർഷവും നിർബന്ധമായും ഫണ്ട് വകയിരുത്തേണ്ട ഇനമാണ് ആശ്രയ/അഗതിരഹിത കേരളം എന്നിരിക്കേ വർഷങ്ങളോളം പദ്ധതി മുടങ്ങിക്കിടക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന് കാലതാമസം നേരിട്ടത് അഗതി കുടുംബങ്ങളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് തടസ്സം സൃഷ്ടിച്ചുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആശ്രയ പദ്ധതി ക്കു വേണ്ടി തുടങ്ങിയ അക്കൌണ്ടിൽ 28.10.19-ന് (അക്കൌണ്ട് നം.8077,കെ.ജി.ബി,ചെറുകോട്) 1263444 രൂപ നീക്കിയിരിപ്പുണ്ട്. അഗതി രഹിത കേരളം പദ്ധതി നിലവിൽ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

## 1-21 മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2018-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 8 കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 2 പ്രവൃത്തികൾക്ക് സാധനഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സാധനഘടകങ്ങൾ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. വിതരണക്കാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ അംഗീകരിച്ചതിൽ വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്

## 1-22 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എക്സി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | ചെലവ് |
|---|---|---|---|---|
| 1 | അയനിക്കോട് സബ് സെന്റർ കെട്ടിടം മേൽക്കൂര റിപ്പയർ 139/19<br>കരാറുകാരൻ. അബ്ദുന്നാസർ | 2 | AC sheet/ MS pipe: 83.60m2.<br>(മരം,പൈപ്പ് എന്നിവ പണിസ്ഥലത്ത് കൂട്ടിയിട്ടിട്ടുണ്ടെന്ന് 12-11-2019 ന് നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു) | 94839 രൂപ<br>ട്രഷറി ബിൽ നംപർ 93/18-19/26-3-19 |

| | | | | |
|---|---|---|---|---|
| | കരാർ: 52/18-19/15-12-18<br>അളവ് പുസ്തകം: 52/18-19 | | | |
| 2 | ജ്ഞാനോജയം വായനശാല റിപ്പയർ 252/18<br>കരാറുകാരൻ. കുഞ്ഞിമുഹമ്മത്<br>കരാർ: 83/17-18/22-12-17<br>അളവ് പുസ്തകം: 83/17-18 | 1 | പഴയ മേൽക്കൂര പൊളിച്ച് മാറ്റൽ: 59.32m2 (മരം പണിസ്ഥലത്ത് കൂട്ടിയിട്ടിട്ടുണ്ടെന്ന് 12-11-2019 ന് നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു) | 99453 രൂപ.<br>ട്രഷറി ബിൽ നംപർ 4/18-19/23-5-18 |

മേൽ ഇനങ്ങളുടെ ലേല/വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 19/14-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 7499 രൂപ.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2012,201-1 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

1) ചുണ്ടങ്ങച്ചോല അംഗനവാടി ഫ്ളോറിംഗ്. 158/18,165/19.

അടങ്കൽ: 100000 രൂപ

കരാറുകാരൻ: ശ്രീ ഖാലിദ് പി

കരാർ: AE/LSGD/42/17-18/20.11.17 0.3% കുറവ്

കരാർ തുക: 89994 രൂപ

അളവ് പുസ്തകം: 42/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: രേഖയില്ല

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 19-5-18

പൂർത്തീകരിച്ചതീയതി: 26-8-18(അളവ് പുസ്തകം 42/17-18 പേജ് 6)

ചെലവ്: 90159 (90431.18-0.3%) രൂപ (ബിൽ 2/18-19/23-5-18)

മൂല്യനിർണ്ണയം: 90159

(-) നികുതികൾ2%: 1004

കരാറുകാരന്: 88355

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 1000.00 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 20-5-18 to 3-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 2000.00 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 4-7-18 to 17-8-18)

ആകെ 3000.00 രൂപ.

2) ഗ്രാമപഞ്ചായത്ത് ഓഫിസ് മുറ്റം ട്രസ്സ് വർക്കും മതിൽ പുനരുദ്ധാരണവും 216/18,202/19.

അടങ്കൽ: 450000 രൂപ

കരാറുകാരൻ: ശ്രീ അബ്ദുൽ നാസർ ടി പി

കരാർ: AE/LSGD/57/17-18/21.11.17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 449881 രൂപ

അളവ് പുസ്തകം: 57/17-18, 57A/17-18

പ്രവൃത്തിസ്ഥലം കൈമാറിയത്: 21-11-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 20-5-18

പൂർത്തീകരിച്ചതീയതി: 13-6-18 (അളവ് പുസ്തകം 57/17-18 പേജ് 41)

ചെലവ്: 412741 രൂപ (ബിൽ 65/18-19/19-3-19)

മൂല്യനിർണ്ണയം: 412741

(-) നികുതികൾ4%: 16508

കരാറുകാരന്: 396233

ഈടാക്കേണ്ട പിഴ

ആദ്യ തവണ PAC യുടെ 1% : 4499/ രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 21-5-18 to 13-6-18. 13-6-18 ന് പൂർത്തിയായി)

മേൽ പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/14-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 7499/ രൂപ (3000+4499) അതാത് കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പെൻസറി കെട്ടിട റിപ്പയർ എന്ന പദ്ധതി(196/18, 197/19) നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

അടങ്കൽ: 3540000 രൂപ

കരാറുകാരൻ: ശ്രീ കുഞ്ഞിമുഹമ്മത്

കരാർ: 70//17-18/20-11-17 (0.2% കുറവ് )

അളവ് പുസ്തകം: 70/17-18

മൂല്യനിർണ്ണയം: 329131

(-) 0.2% ടെണ്ടർ കുറവ് 658

ബാക്കി: 328473 (ട്രഷറി ബിൽ നംപർ 7/18-19/23-6-18)

(-) നികുതി2% 6570

കരാറുകാരന്: 321903

മേൽ പ്രവൃത്തിയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റാഫ്റ്റർ നിർമ്മാണത്തിന് ഉപയോഗിച്ച ഹോളോ പൈപ്പിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കും (code 50.10.1), റീപ്പറായി ഉപയോഗിച്ച സ്റ്റീൽ ഹോളോ പൈപ്പിന് മാത്രം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ നിരക്കുമാണ് (code 50.10.2) നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം രണ്ടിനങ്ങൾക്കും സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ DSR കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel work for purlin/single section with GI pipes including cutting, hoisting, fixing in position.... എന്നാണ് പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ മേൽ പ്രവൃത്തികളിൽ പർലിൻ ഒഴികെയുള്ള ഇനങ്ങളെല്ലാം ട്രസ്സ് വർക്കിൽ ഉൾപെടുത്തി അധിക നിരക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഈയിനത്തിൽ കരാറുകാരന്അധികം നൽകിയ 2967/ രൂപ കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 നിരവിൽകുന്ന് അംഗനവാടി റിപ്പയർ എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: നിരവിൽകുന്ന് അംഗനവാടി റിപ്പയർ 213/18

അടങ്കൽ: 200000 രൂപ

കരാറുകാരൻ: ശ്രീ കുഞ്ഞിമുഹമ്മത്

കരാർ: /AE/LSGD/45/17-18/20-11.17 ( 0.2% കുറവ് )

അളവ് പുസ്തകം: 45/17-18

ചെലവ്: 186604 രൂപ (ബിൽ 10/18-19/23-6-18)

മൂല്യനിർണ്ണയം: 186977.65

(-) 0.2% ടെണ്ടർ കുറവ് 373.96

ബാക്കി: 186604

(-) നികുതി2% 3732

കരാറുകാരന്: 182872

അപാകതകൾ

1) ഓട് മരം എന്നിവ ഉപയോഗിച്ചുള്ള പഴയ മേൽക്കൂര മാറ്റി GI pipe, ഓട് എന്നിവ ഉപയോഗിച്ച് പുതിയ മേൽക്കൂര നിർമിക്കുന്നതിനുള്ളതാണ് മേൽ പദ്ധതി. ഇനം (1) പ്രകാരം 59.32 m2 പൊളിച്ച് മാറ്റുകയും ഇനം (3) പ്രകാരം 17.40 m2

പുതിയ ഓട് മേയുകയും ഇനം (4) പ്രകാരം 45.154 m2 പഴയ ഓട് മേയുകയും ചെയ്തിട്ടുണ്ടെന്നാണ് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, 12.11.2019 ന് ഓവർസീയർ ശ്രീ. ബെന്നി പി.ജോസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പുതിയ ഓട് മേഞ്ഞതായി കണ്ടില്ല. സ്ഥലപരിശോധനാ റിപ്പോർട്ടിൽ ഓവർസീയർ ഇക്കാര്യം സമ്മതിച്ചിട്ടുമുണ്ട്. മാത്രമല്ല, പഴയ 100 ഓളം ഓട് അംഗനവാടിക്കരികിലായി അട്ടി വെച്ചതായും കാണുന്നുണ്ട്. ആയതിനാൽ, ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ 5460/ രൂപ (17.40*333.68/m2 = 5806.03) കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-26 വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| | |
|---|---|
| പ്രവൃത്തി: | വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് 175/18, 194/19 |
| അടങ്കൽ: | 4980000 രൂപ |
| കരാറുകാരൻ: | ശ്രീ കുഞ്ഞിമുഹമ്മത് |
| കരാർ: | 26/AE/LSGD/68/17-18/23-11.17 ( 0.4% കുറവ് ) |
| അളവ് പുസ്തകം: | 68/17-18 |
| ചെലവ്: | 461101 രൂപ (ബിൽ 25/18-19/31-7-18) |
| മൂല്യനിർണ്ണയം: | 462952.53 |
| (-) 0.2% ടെണ്ടർ കുറവ് | 1851.81 |
| ബാക്കി: | 461101.00 |
| (-) നികുതി2% | 9222 |
| കരാറുകാരന്: | 451879 |

50.00 മീറ്റർ നീളത്തിൽ 5.00 മീറ്റർ വീതിയിൽ 0.25 മീറ്റർ കനത്തിൽ ക്വാറിമക്ക് നിറച്ച് റോഡ്ഉയർത്തി ടാർ ചെയ്യുന്നതിനും 325.00 മീറ്റർ നീളത്തിൽ റീ-ടാറിംഗ് നടത്തുന്നതിനുമുള്ളതാണ് മേൽ പ്രൊജക്ട്. ഇനം (11) പ്രകാരം (എസ്റ്റിമേറ്റ് പ്രകാരം Appendix C ഇനം 1) 50.00*5.00*0.25 = 62.50 m3 fill ചെയ്തതിന് 892.41/m3 നിരക്കിൽ 55775.63 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (അളവ് പുസ്തകം: 68/17-18 പേജ് 1). 13.11.2019 ന് അസി. എഞ്ചിനീയർ ശ്രീ. അരുൺ. സി.യുടെയും ഓവർസീയർ ശ്രീ. ബെന്നി പി. ജോസിന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പ്രവൃത്തി നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെടുകയും അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവർ ആയത് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അയനിക്കോട് ഭാഗത്ത്(റോഡിന്റെ ചെയ്നേജ് രേഖപ്പെടുത്തിയിട്ടില്ല) ഏകദേശം 15.00 ലധികം മീറ്റർ നീളത്തിൽ റോഡിന് 4.00 മീറ്റർ വീതി മാത്രമാണ് കാണുന്നത്. 4.00 മീറ്റർ മാത്രം വീതിയുള്ള റോഡിൽ 5.00 മീറ്റർ വീതിയിൽ പ്രവൃത്തിചെയ്യാൻ കഴിയില്ലെന്നിരിക്കേ കരാറുകാരന് ഏറ്റവും കുറഞ്ഞത് താഴെ പറയും പ്രകാരം 3347/ രൂപ അധികത്തുക നൽകാനിടയായിട്ടുണ്ട്. ( 15.00*1.00(5.00-4.00)*0.25= 3.75*892.41=3346.54 രൂപ) ഈ തുക അളവെടുത്ത അസി. എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതും അളവ് പുസ്തകത്തിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി രേഖപ്പെടുത്താതെ അസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. വിശദാംശം ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-27 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ക്ഷീരവകുപ്പിന്റെ വിഹിതം ചേർത്തു നൽകി

പ്രൊജക്ട് നം.221/19

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ബിൽ നം.1/18-19/24.11.18—2,72,492 (ഗ്രാമ പഞ്ചായത്ത് വിഹിതം)

ബിൽ നം.2/18-19/01.01.19—27,508(ഗ്രാമ പഞ്ചായത്ത് വിഹിതം

ആകെ -3,00,000

ചെക്ക് നം.1817752/25.02.19- 5,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ആകെ - 5,00,000

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

ജി.ഒ.(എം.എസ്)22/2018 തസ്വഭവ./14.02.2018-13-ാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകണം. ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെയാണിത്. അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലിറ്ററിന് 3 രൂപ പ്രകാരമാണ് അനുവദിക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം കർഷകർക്ക് അധികം സബ്സിഡി നൽകിയതായി കാണുന്നു. 4/18 മുതൽ 8/18 വരെ 3 രൂപ പ്രകാരവും,9/2018 മുതൽ 12/2018 വരെ 3 രൂപയിൽ അധികരിച്ചും സബ്സിഡി അനുവദിച്ചതായി കാണുന്നു. വകുപ്പിന്റെ വിഹിതം ലഭ്യമായിട്ടില്ല. ആകെ ആറ് ക്ഷീരസംഘങ്ങളിലായി 9/2018 മുതൽ 12/2018 വരെ അളന്ന പാലിന്റെയും നൽകിയ സബ്സിഡിയുടെയും വിവരം താഴെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ആകെ അളന്ന പാൽ | നൽകിയ സബ്സിഡി | ക്രമപ്രകാരം നൽകാവുന്ന സബ്സിഡി (ലിറ്ററിന് 3 രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| അയനിക്കോട് കെ എസ് എസ് | 14736 ലിറ്റർ | 47,595 രൂപ<br>(16329ലിറ്ററിന് 4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ 0.85 രൂപ നിരക്കിൽ വീണ്ടും നൽകിയത് കുറച്ച തുക (16329*0.85=13880-61475(നിലവിൽ അനുവദിച്ച തുക)) | 44208 രൂപ | 3387 രൂപ |
| ചാത്തങ്ങോട്ടുപുറം കെ എസ് എസ് | 47060 ലിറ്റർ | 1,52,006 രൂപ<br>(51909ലിറ്ററിന് 4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ 0.85 രൂപ നിരക്കിൽ വീണ്ടും നൽകിയത് കുറച്ച തുക (51909*0.85=44123-196129(നിലവിൽ അനുവദിച്ച തുക)) | 1,41,180 രൂപ | 10,826 രൂപ |
| കോട്ടക്കുന്ന് കെ എസ് എസ് | 21055 ലിറ്റർ | 68,008 രൂപ<br>(24217ലിറ്ററിന് 4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ 0.85 രൂപ നിരക്കിൽ വീണ്ടും നൽകിയത് കുറച്ച തുക (24217*0.85=20584-88592(നിലവിൽ അനുവദിച്ച തുക)) | 63,165 രൂപ | 4843 രൂപ |
| ചാരങ്കാവ് കെ എസ് എസ് | 6172ലിറ്റർ | 22,926 രൂപ | 18,516 രൂപ | 4410 രൂപ |
| പൈങ്കുളങ്ങര കെ എസ് എസ് | 3471 ലിറ്റർ | 11,211 രൂപ<br>(6662ലിറ്ററിന് 4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ 0.85 രൂപ നിരക്കിൽ വീണ്ടും നൽകിയത് കുറച്ച തുക (6662*0.85=5663-16874(നിലവിൽ അനുവദിച്ച തുക)) | 10,413 രൂപ | 800 രൂപ |
| താളിയംകുണ്ട് | 28098 | 77,371 രൂപ | 84,294 രൂപ | 0 |

| | | | | |
|---|---|---|---|---|
| കെ എസ് എസ് | ലിറ്റർ | (43098ലിറ്ററിന് 4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ 0.85 രൂപ നിരക്കിൽ വീണ്ടും നൽകിയത് കുറച്ച തുക (43098*0.85=36633-92661(നിലവിൽ അനുവദിച്ച തുക)) | | |
| | | ആകെ | | 24,266 രൂപ |

(4/2018 മുതൽ 8/2018 വരെ അളന്ന പാലിന് ആദ്യം അനുവദിച്ച 2.15 നിരക്കിന് പുറമേ അനുവദിച്ച 0.85 നിരക്കിലെ തുക കിഴിച്ചാണ് നൽകിയ വിഹിതം കണക്കാക്കിയിട്ടുള്ളത്.)

സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/11.11.2019)ക്ക് മറുപടിയായി ക്ഷീരവികസന വകുപ്പിന്റെ വിഹിതം അനുവദിക്കാതിരുന്നതിനാലാണ്, വകുപ്പിന്റെ തുക കൂടി ചേർത്തു നൽകിയത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 24,266 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 മരുന്നുകൾ ലഭ്യമായില്ല.

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച.സി)നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ,തിരുവനന്തപുരത്തിന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്,എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | 39/19 ,പോരൂർ പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ<br>വിനിയോഗിച്ച തുക -2,82,575(പ്ലാൻ) | 5/18-19/ 13.12.2018 | 2,00,000 |
| | | 12/18-19/11.03.19 | 82,575 |
| 2 | 100/19 പരിരക്ഷ പദ്ധതി<br>വിനിയോഗിച്ച തുക -78,055(പ്ലാൻ) | 10/18-19/01.01.19 | 78,055 |
| | ആകെ | | 3,60,630 |

മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുന്നത് വരെ ചെലവ് തുക 360630/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നം.8 /13.11.19)

## 1-29 ഹരിത ഭവനം പദ്ധതി - 40,000 രൂപ പാഴ്ചെലവായി

പ്രോജക്റ്റ് നം. 174/19

ഹരിതഭവനം പദ്ധതി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 40,000 രൂപ (വികസന ഫണ്ട് )

ബിൽ നം. 11/18-19/15.01.19 – 40,000 രൂപ

നിർവ്വഹണം- കൃഷി ഓഫീസർ

2018-19 വർഷത്തിൽ സ്പിൽ ഓവർ പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്റ്റ് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഒന്നും തന്നെ പ്രോജക്റ്റ് നം. 174/19 ആയി അംഗീകാരം നേടിയ പ്രോജക്റ്റിൽ ഇല്ല. സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം. 80/2017/ ത.സ്വ.ഭ.വ തി.03.04.17 പ്രകാരം വീട്ടുവളപ്പിലെ കൃഷിയ്ക്ക് യോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തി , വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന ഓരോ തുള്ളി മഴവെള്ളവും പുരയിടത്തിന് പുറത്തു പോകാതെ കിണറ്റിൽ കിനിഞ്ഞിറങ്ങുന്നതിന് സൗകര്യമേർപ്പെടുത്തികൊണ്ട് ,വീട്ടുവളപ്പിലെ

എല്ലാമാലിന്യങ്ങളും പരിസ്ഥിതി സൗഹാർദമായി സംസ്കരിച്ച് ജൈവകൃഷിയ്ക്ക ഉപയോഗിയ്ക്കുക ,വളകുഴി നിർമ്മിയ്ക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതിയ്ക്കുള്ളത്.

പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കണമെങ്കിൽ ഗുണഭോക്താവ് പശുവളർത്തുന്നയാളായിരിക്കേണ്ടതും ,പൂർണ്ണമായും ജൈവകൃഷി ചെയ്യിരിക്കേണ്ടതും,വീടിന്റെ മേൽക്കൂരയിലെ വെള്ളം കിണർറീച്ചാർജ് ചെയ്യാൻ ഉപയോഗിച്ചിരിക്കേണ്ടതും ഈ ആവശ്യത്തിന് മഴകുഴികളോ ജലസംഭരണികളോ സ്ഥാപിച്ചിരിയ്ക്കേണ്ടതും ,ജൈവമാലിന്യങ്ങൾ വേർത്തിരിച്ച് സംഭരിക്കേണ്ടതും നിർബന്ധമാണ്. രണ്ട് ഗുണഭോക്താക്കൾക്ക് 20,000 രൂപവെച്ച് 40,000 രൂപയാണ് പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി ഗുണഭോക്താക്കളായ രണ്ടു പേരുടെയും ഭവനങ്ങൾ 12.11.19 ന് സ്ഥലപരിശോധന നടത്തി മേൽകാര്യങ്ങൾ പരിശോധനാ വിധേയമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കിണർ റീചാർജ് | പശുപരി പാലനം | കമ്പോസ്റ്റ് കുഴി നിർമ്മാണം | ഖരമാലിന്യങ്ങൾ വേർതിരിയ്ക്കൽ സംവിധാനം | ജൈവ കൃഷി | ബയോഗ്യാസ് പ്ലാൻറ് (നിർബന്ധമല്ല) |
|---|---|---|---|---|---|---|---|
| 1 | അബ്ദുറഹിമാൻ തെറ്റത്ത്,ഖാദർപ്പടി അയനിക്കോട് | ഫലപ്രദമല്ല | ഇല്ല | പേരിന് മാത്രം | ഇല്ല | വ്യക്തമല്ല | ഇല്ല |
| 2 | വാസുദേവൻ നമ്പൂതിരി ശ്രീവൽസം കിഴക്കേക്കര,താലപ്പോലിപറമ്പ് ചാത്തങ്ങോട്ടുപുറം (പി ഒ) | ഫലപ്രദമല്ല | ഇല്ല | പേരിന് മാത്രം | ഫലപ്രദമല്ല | വ്യക്തമല്ല | ഇല്ല |

സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം. 80/2017/ ത.സ്വ.ഭ.വ തി.03.04.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിച്ച് ചെയ്ത പ്രവർത്തികൾക്കനസൃതമായി വിവിധ ഇനങ്ങൾ സബ്സിഡികൾ ഏകോപിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിയ്ക്കണം.എന്നാൽ ആയത് പാലിച്ചല്ല ആനുകൂല്യം അനുവദിച്ചിട്ടുള്ളത് എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായി .ആനുകൂല്യം അനുവദിയ്ക്കുന്നതിനു മുൻപ് ശരിയായി പരിശോധന നടത്തിയിട്ടില്ല.അർഹരായ ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം നൽകിയതെന്ന് വ്യക്തമാണ്.പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.
പദ്ധതി പണം ചെലവഴിയ്ക്കുക എന്ന ഉദ്യേശത്തോടെ ശരിയായ പഠനമോ,ആസൂത്രണമോ കൂടാതെയും ,പദ്ധതി സംബന്ധിച്ച സർക്കാർ നിർദേശങ്ങൾ പാലിയ്ക്കാതെയും പദ്ധതിയ്ക്കായി ചെലവഴിച്ച 40,000 രൂപ പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. നം.9 /13.11.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I)പ്രോജക്റ്റ് നം. 27/19

സമഗ്ര പുരയിടകൃഷി പദ്ധതി

വിനിയോഗിച്ച തുക – 2,82,500 രൂപ (പ്ലാൻ )

ബിൽ നം. 10/18-19/ 15.01.19 – 2,20,350 രൂപ

ബിൽ നം. 12/18-19/ 16.01.19 – 62,150 രൂപ

കിഴങ്ങുവർഗ്ഗം കിറ്റ്(565എണ്ണം),കാബേജ്, കോളിഫ്ലവർ,വഴുതിന,മുളക്,തക്കാളി (എല്ലാം തൈകൾ) (59325എണ്ണം)എന്നിവ പദ്ധതി പ്രകാരം കുറഞ്ഞത് 10 സെന്റ് എങ്കിലും പച്ചക്കറി പച്ചക്കറികൃഷി ചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യം നൽകുന്നത്.

മേൽ വിളകൾ എത്ര അളവിൽ കൃഷിചെയ്യുവെന്ന് വ്യക്തമല്ല.കൃഷി ചെയ്ത ഏരിയ കൃഷി അസിസ്റ്റന്റ് ഫീൽഡുതല പരിശോധന നടത്തിയതിൽ പ്രകാരം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല .

സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം.22/2018/ത.സ്വ.ഭ.വ തി. 14.02.2018 പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും നൽകാനുള്ള തുകയും നിശ്ചയിക്കുന്നത് എന്നതിനാൽ ആയത് പാലിച്ചിട്ടില്ല.

കൂടാതെ ,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

II).പ്രോജക്റ്റ് നം. 17/19

പച്ചക്കറി വികസനം പദ്ധതി

വിനിയോഗിച്ച തുക – 3,03,000 രൂപ

– 1,85,000 (പ്ലാൻ )

- 33,333 രൂപ (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിച്ചത് )

ആകെ - 2,18,333

ബിൽ നം. 14/18-19/ 12.01.19 – 33,150 രൂപ

ബിൽ നം. 13/18-19/ 12.01.19 – 39,000 രൂപ

ബിൽ നം. 16/18-19/ 15.02.19 – 51,850 രൂപ

ബിൽ നം. 15/18-19/ 15.02.19 – 61,000 രൂപ

കൃഷി സ്ഥലത്തിന്റെ വിസ്തൃതിയ്ക്കനുസരിച്ച് കുറഞ്ഞത് 10 സെന്റിലെങ്കിലും പച്ചക്കറികൃഷി ചെയ്തിട്ടുള്ള കർഷകർക്ക് കൂലിചെലവിന് സഹായം,ജൈവവളത്തിന് സബ്സിഡി എന്നിവ നൽകലാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

ഏതെല്ലാം പച്ചക്കറികൾ എത്ര അളവിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല. ആയതിന്റെയും വിവരവും ,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.22 / 15.11.2019)മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്കായി ചെലവഴിച്ച 4,67,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.02.18–സബ്സിഡി മാർഗ്ഗരേഖ പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം, കാർഷികമേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത് എന്നും നടീൽ,കൊയ്ത്ത്,വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 18-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും,ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം,പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, നിലമൊരുക്കുന്നത് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി,യഥാക്രമം 1,27,500രൂപ, 3,03,333 രൂപ(ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ,കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 19/19 |
| വിനിയോഗിച്ച തുക | 4,00,000/- രൂപ. |

| | |
|---|---|
| ബിൽ നമ്പർ / തീയ്യതി | 01/2018-19 തിയ്യതി. 23.11.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഡിസ്പെൻസറി, പോരൂർ. |

മേൽ പദ്ധതി പ്രകാരം 4,00,000 രൂപ പോരൂർ ആയുർവ്വദ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട് . എന്നാൽ ഔഷധിയിൽ നിന്ന് 3,84,397 രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുള്ളത്. ബാക്കി 15,603 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് ഇഷ്യൂ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ 15603/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 07/13.11.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-33 പോരൂർ ഗ്രാമപഞ്ചായത്ത്.ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ :11/14.11.2019

| | |
|---|---|
| പ്രൊജക്ട് നമ്പർ | 08/19 |
| ചെലവഴിച്ച തുക | 1,39,90,000/- രൂപ. |

ലൈഫ് ഭവന പദ്ധതി (ജനറൽ) പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 60 പേർക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ പറയുന്ന താഴെ പറയുന്ന 17 ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക | | ആകെ |
|---|---|---|---|---|
| | | ബിൽ / ചെക്ക് നമ്പർ & തിയ്യതി | തുക | |
| 1 | നഫീസ കക്കാട് ഹൌസ്, അയനിക്കോട് | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 1817751 തി. 26.10.2018 | 30,000 | |
| | | 319930 തി. 28.03.2019 | 1,30,000 | |
| 2 | നിഷ പനംതാനത്ത്, അച്ചത്ത് ഹൌസ്, താലപ്പൊലിപറമ്പ് | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 319928 തി. 07.01.2019 | 1,60,000 | |
| 3 | ആയിഷ, ഏലാട്ടുപറമ്പിൽ ഹൌസ്, പുളിയക്കോട്. | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 319928 തി. 07.01.2019 | 92,765 | |
| | | 319930 തി. 28.03.2019 | 67,235 | |
| 4 | ആത്തിക്ക, കളപ്പാടൻ കൊല്ലേരി ഹൌസ്, വീതനശ്ശേരി | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 1817751 തി. 26.10.2018 | 30,000 | |
| | | 319930 തി. | 1,30,000 | |

| | | | | |
|---|---|---|---|---|
| | | 28.03.2019 | | |
| 5 | സ്മിത.പി, പടിഞ്ഞാറെയിൽ ഹൌസ്, പട്ടണംകുണ്ട്. | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 6 | ആലീസ്, പറപ്പുള്ളി ഹൌസ്, ചാത്തങ്ങോട്ടുപുറം. | 01/2018-19 തി. 19.06.2018 | 40,000 | 2,00,000 |
| | | 1817751 തി. 26.10.2018 | 30,000 | |
| | | 319930 തി. 28.03.2019 | 1,30,000 | |
| 7 | ഷാഹിത, ആലംകോട് ഹൌസ്, ചെറുകോട് | 03/2018-19 തി. 06.07.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 8 | ആസ്യ, മംഗലപ്പറമ്പൻ, കരുവാറ്റക്കുന്ന്. | 03/2018-19 തി. 06.07.2018 | 40,000 | 40,000 |
| 9 | റംലാബി, അല്ലിംപിലാക്കൽ ഹൌസ്, ചെറുകോട്. | 03/2018-19 തി. 06.07.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 10 | ഷബ്ന, പൂങ്കുഴി ഹൌസ്, അയനിക്കോട്. | 02/2018-19 തി. 06.07.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 11 | സാഹിത, പറമ്പിൽ ഹൌസ്, ചാത്തങ്ങോട്ടുപുറം. | 02/2018-19 തി. 06.07.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 12 | പാത്തുമ്മ, ചോലക്കൽ ഹൌസ്, നിരവിൻകുന്ന്. | 04/2018-19 തി. 19.07.2018 | 40,000 | 40,000 |
| 13 | റംലത്ത്, കുടുക്കൻ ഹൌസ്, എരഞ്ഞാംപൊയിൽ. | 04/2018-19 തി. 19.07.2018 | 40,000 | 2,00,000 |
| | | 1817751 തി. 26.10.2018 | 50,000 | |
| | | 319930 തി. 28.03.2019 | 1,10,000 | |
| 14 | ഷീബ, കല്ലിങ്ങൽ ഹൌസ് | 06/2018-19 തി. 26.10.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 15 | നസീമ, കൊക്കർണി ഹൌസ് | 06/2018-19 തി. 26.10.2018 | 40,000 | 2,60,000 |

| | | | | |
|---|---|---|---|---|
| | | 319928 തി. 07.01.2019 | 1,60,000 | |
| | | 319930 തി. 28.03.2019 | 60,000 | |
| 16 | ആമിന, പൂളമണ്ണിൽ ഹൌസ്, നിരവിൻകുന്ന്. | 06/2018-19 തി. 26.10.2018 | 40,000 | 2,00,000 |
| | | 319930 തി. 28.03.2019 | 1,60,000 | |
| 17 | ഷക്കീല, കാപ്പിൽ ഹൌസ്, ചെട്ടിയാറമ്മൽ. | 5303111 തി. 27.03.2019 | 40,000 | 40,000 |
| ആകെ | | | 2980000 | 2980000 |

ഇവയിൽ ക്രമനമ്പർ 8, 12 പ്രകാരമുള്ള ഗുണഭോക്താക്കൾ അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ക്രമനമ്പർ 11 പ്രകാരമുള്ള ഗുണഭോക്താവ് അടിത്തറ നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 10/14.11.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-34 വീട് പുനരുദ്ധാരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് പുനരുദ്ധാരണം - ജനറൽ (12/19), വീട് പുനരുദ്ധാരണം - പട്ടികജാതി (14/19) എന്നീ പദ്ധതികൾ പ്രകാരം ആകെ 140 ഗുണഭോക്താക്കൾക്ക് താഴെ കൊടുത്തിട്ടുള്ളത് പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 20000 രൂപ, പട്ടികജാതിക്കാർക്ക് 50000 രൂപ എന്നീ നിരക്കുകളിലാണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളത്.

I). <u>വീട് പുനരുദ്ധാരണം - ജനറൽ (12/19)</u>

| ബിൽ നമ്പർ / തിയ്യതി. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 09/2018-19 തിയ്യതി. 23.11.2018 | 1,40,000/- രൂപ. | 7 |
| 11/2018-19 തിയ്യതി. 29.11.2018 | 1,80,000/- രൂപ. | 9 |
| 12/2018-19 തിയ്യതി. 30.11.2018 | 2,17,500/- രൂപ. | 11 |
| 15/2018-19 തിയ്യതി. 14.12.2018 | 4,79,500/- രൂപ. | 24 |
| 17/2018-19 തിയ്യതി. 23.11.2018 | 1,00,000/- രൂപ. | 5 |
| 18/2018-19 തിയ്യതി. 22.12.2018 | 1,33,000/- രൂപ. | 7 |
| 22/2018-19 തിയ്യതി. 28.12.2018 | 98,500/- രൂപ. | 5 |
| 23/2018-19 തിയ്യതി. 31.12.2018 | 80,000/- രൂപ. | 4 |
| 27/2018-19 തിയ്യതി. 11.01.2019 | 75,000/- രൂപ. | 4 |
| 28/2018-19 തിയ്യതി. 06.02.2019 | 40,000/- രൂപ. | 2 |
| 34/2018-19 തിയ്യതി. 22.02.2019 | 20,000/- രൂപ. | 1 |
| 36/2018-19 തിയ്യതി. 22.02.2019 | 20,000/- രൂപ. | 1 |
| 39/2018-19 തിയ്യതി. 12.03.2019 | 40,000/- രൂപ. | 2 |
| 41/2018-19 തിയ്യതി. 12.03.2019 | 20,000/- രൂപ. | 1 |
| 43/2018-19 തിയ്യതി. 26.03.2019 | 20,000/- രൂപ. | 1 |
| ആകെ | 16,63,500/- രൂപ. | 84 |

<u>II). വീട് പുനരുദ്ധാരണം - പട്ടികജാതി (14/19)</u>

| ബിൽ നമ്പർ / തിയ്യതി. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 10/2018-19 തിയ്യതി. 24.11.2018 | 1,00,000/- രൂപ. | 2 |

| | | |
|---|---|---|
| 13/2018-19 തിയ്യതി. 30.11.2018 | 4,00,000/- രൂപ. | 8 |
| 14/2018-19 തിയ്യതി. 30.11.2018 | 50,000/- രൂപ. | 1 |
| 16/2018-19 തിയ്യതി. 20.12.2018 | 1,50,000/- രൂപ. | 3 |
| 19/2018-19 തിയ്യതി. 22.12.2018 | 3,50,000/- രൂപ. | 7 |
| 21/2018-19 തിയ്യതി. 28.12.2018 | 2,00,000/- രൂപ. | 4 |
| 24/2018-19 തിയ്യതി. 31.12.2018 | 3,80,500/- രൂപ. | 8 |
| 26/2018-19 തിയ്യതി. 11.01.2019 | 4,00,000/- രൂപ. | 8 |
| 29/2018-19 തിയ്യതി. 06.02.2019 | 50,000/- രൂപ. | 1 |
| 32/2018-19 തിയ്യതി. 22.02.2019 | 1,00,000/- രൂപ. | 2 |
| 35/2018-19 തിയ്യതി. 22.02.2019 | 1,50,000/- രൂപ. | 3 |
| 40/2018-19 തിയ്യതി. 12.03.2019 | 2,00,000/- രൂപ. | 4 |
| 42/2018-19 തിയ്യതി. 12.03.2019 | 1,00,000/- രൂപ. | 2 |
| 44/2018-19 തിയ്യതി. 26.03.2019 | 1,35,000/- രൂപ. | 3 |
| ആകെ | 27,65,500/- രൂപ. | 56 |

ഈ പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1). 14.2.2018ലെ ജി.ഒ(എം.എസ്)22/2018 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് പുനരുദ്ധാരണം എന്ന ഇനത്തിന് സബ്സിഡി അനുവദനീയമല്ല. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, വീട് വാസയോഗ്യമാക്കൽ (വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ) എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാനാണ് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉള്ളത്. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ ജനറൽ വിഭാഗത്തിന് പരമാവധി 75,000 രൂപയും, പട്ടികജാതിക്കാർക്ക് 1,00,000 രൂപയും, വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപയും, പട്ടികജാതിക്കാർക്ക് 1,50,000 രൂപയും നൽകാവുന്നതാണ്.

2). സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത ഒരിനത്തിന് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അപ്രകാരം അനുമതി കിട്ടിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3). ഈ പദ്ധതി പ്രകാരം വീടിന്റെ മേൽക്കൂര മാറ്റിയതിനും, മേൽക്കൂരയിൽ അറ്റകുറ്റപണി ചെയ്തതിനും, പ്ലാസ്റ്ററിങ് ചെയ്തതിനും വാതിലുകളും ജനലുകളും മാറ്റിയതിനുമെല്ലാം ധനസഹായം നൽകിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളാണ് ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളത്. എന്നാൽ എഞ്ചിനീയർ/ഓവർസിയറുടെ വാലേഷന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിന് 20,000/-രൂപ നിരക്കിലും പട്ടികജാതി വിഭാഗത്തിന് 50,000/- രൂപ നിരക്കിലും സബ്സിഡി നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

4). വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഗുണഭോക്താക്കളുടെ വീട് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോരുത്തർക്കും ആവശ്യമായ സബ്സിഡി തുക നിശ്ചയിക്കേണ്ടതെന്നും, ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടതെന്നും വ്യവസ്ഥ ഉണ്ട്. എന്നാൽ അപ്രകാരം എഞ്ചിനീയർ പരിശോധന നടത്താതെ എല്ലാവർക്കും ഒരേ തുക തന്നെ നൽകിയിരിക്കുന്നു. കൂടാതെ ദമ്പതികളിൽ ഒരാളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ധനസഹായം നൽകിയിട്ടുമുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 10/14.11.2019) വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ഹോമിയോ ഡിസ്പെൻസറി കെട്ടിട റിപ്പയർ എന്ന പദ്ധതി(196/18, 197/19) നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

അടങ്കൽ: 3540000 രൂപ

കരാറുകാരൻ: ശ്രീ കുഞ്ഞിമുഹമ്മത്

കരാർ: 70//17-18/20-11-17 (0.2% കുറവ്)

അളവ് പുസ്തകം: 70/17-18

മൂല്യനിർണ്ണയം: 329131

(-) 0.2% ടെണ്ടർ കുറവ് 658

ബാക്കി: 328473 (ട്രഷറി ബിൽ നംപർ 7/18-19/23-6-18)

(-) നികുതി2% 6570

കരാറുകാരന്: 321903

മേൽ പ്രവൃത്തിയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റാഫ്റ്റർ നിർമ്മാണത്തിന് ഉപയോഗിച്ച ഹോളോ പൈപ്പിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കും (code 50.10.1), റീപ്പറായി ഉപയോഗിച്ച സ്റ്റീൽ ഹോളോ പൈപ്പിന് മാത്രം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ നിരക്കുമാണ് (code 50.10.2) നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം രണ്ടിനങ്ങൾക്കും സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ DSR കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel work for purlin/single section with GI pipes including cutting, hoisting, fixing in position.... എന്നാണ് പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എന്നാൽ മേൽ പ്രവൃത്തികളിൽ പർലിൻ ഒഴികെയുള്ള ഇനങ്ങളെല്ലാം ട്രസ്സ് വർക്കിൽ ഉൾപെടുത്തി അധിക നിരക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

അധിക നിരക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | 50.10.1 പ്രകാരം നൽകിയത്(DSR 2016, CI 40.2%) | 50.10.2 പ്രകാരം നൽകാവുന്നത് | അധികം |
|---|---|---|---|---|
| 11 | മേൽക്കൂര നിർമാണം. റാഫ്റ്റർ ഉപയോഗിച്ച്. | 113.779kg @ 140.41/kg =15975.71 രൂപ | @ 114.33/kg =13008.35 | 2967.36 രൂപ |

അധികനിരക്ക് നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/14-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ഇനം (13) പ്രകാരം 54.00 m2 വിസ്തീർണ്ണത്തിൽ 0.35mm G I colour powder coated traffored sheet മേഞ്ഞതിന് 623.49/m2 നിരക്കിൽ 33668.46 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 12-11-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.30 mm sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി. GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/14-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ, ക്രമ നംപർ (1)ഇനത്തിൽ കരാറുകാരന് നൽകിയ 2967/ രൂപ കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതും ക്രമ നംപർ (2) പ്രകാരം ചെയ്ത ഗുണനിലവാരം കുറഞ്ഞ ഷീറ്റ് പൊളിച്ചുമാറ്റി എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കി അക്കാര്യം അറിയിക്കേണ്ടതുമാണ്.

## 3-2 വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

| | |
|---|---|
| പ്രവൃത്തി: | വലിയപറമ്പ് അയനിക്കോട് റോഡ് റീ-ടാറിംഗ് 175/18, 194/19 |
| അടങ്കൽ: | 4980000 രൂപ |
| കരാറുകാരൻ: | ശ്രീ കുഞ്ഞിമുഹമ്മത് |
| കരാർ: | 26/AE/LSGD/68/17-18/23-11.17 ( 0.4% കുറവ് ) |
| അളവ് പുസ്തകം: | 68/17-18 |
| ചെലവ്: | 461101 രൂപ (ബിൽ 25/18-19/31-7-18) |
| മൂല്യനിർണ്ണയം: | 462952.53 |
| (-) 0.2% ടെണ്ടർ കുറവ് | 1851.81 |
| ബാക്കി: | 461101.00 |
| (-) നികുതി2% | 9222 |
| കരാറുകാരന്: | 451879 |

50.00 മീറ്റർ നീളത്തിൽ 5.00 മീറ്റർ വീതിയിൽ 0.25 മീറ്റർ കനത്തിൽ ക്വാറിമക്ക് നിറച്ച് റോഡ്ഉയർത്തി ടാർ ചെയ്യുന്നതിനും 325.00 മീറ്റർ നീളത്തിൽ റീ-ടാറിംഗ് നടത്തുന്നതിനുമുള്ളതാണ് മേൽ പ്രൊജക്ട്. ഇനം (11) പ്രകാരം (എസ്റ്റിമേറ്റ് പ്രകാരം Appendix C ഇനം 1) 50.00*5.00*0.25 = 62.50 m3 fill ചെയ്തതിന് 892.41/m3 നിരക്കിൽ 55775.63 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (അളവ് പുസ്തകം: 68/17-18 പേജ് 1). 13.11.2019 ന് അസി. എഞ്ചിനീയറുടേയും ഓവർസീയറുടേയും സാന്നൃദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പ്രവൃത്തി നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെടുകയും അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവർ ആയത് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി അയനിക്കോട് ഭാഗത്ത്(റോഡിന്റെ ചെയ്നേജ് രേഖപ്പെടുത്തിയിട്ടില്ല) ഏകദേശം 15.00 ലധികം മീറ്റർ നീളത്തിൽ റോഡിന് 4.00 മീറ്റർ വീതി മാത്രമാണ് കാണുന്നത്. 5.00 മീറ്റർ വീതിയില്ലാത്ത വേറേയും സ്ഥലം ഈ റോഡിൽ ഉണ്ട്. എന്നാൽ ചെയ്ത പ്രവൃത്തി ശരിയായ രീതിയിൽ അളവെടുക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിന്റെ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ, 4.00 മീറ്റർ മാത്രം വീതിയുള്ള റോഡിൽ 5.00 മീറ്റർ വീതിയിൽ പ്രവത്തിചെയ്യാൻ കഴിയില്ലെന്നിരിക്കേ കരാറുകാരന് ഏറ്റവും കുറഞ്ഞത് താഴെ പറയും പ്രകാരം 3347/ രൂപ അധികത്തുക നൽകാനിടയായിട്ടുണ്ട്. ( 15.00*1.00(5.00-4.00)*0.25= 3.75*892.41=3346.54 രൂപ) ഈ തുക അളവെടുത്ത അസി. എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതും അളവ് പുസ്തകത്തിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി രേഖപ്പെടുത്താതെ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 17/14-11-2019 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 നിരവിൽകുന്ന് അംഗനവാടി റിപ്പയർ എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നി.ഉദ്യോഗസ്ഥൻ: | അസി.എഞ്ചിനീയർ |
| പ്രവൃത്തി: | നിരവിൽകുന്ന് അംഗനവാടി റിപ്പയർ 213/18 |
| അടങ്കൽ: | 200000 രൂപ |

കരാറുകാരൻ: ശ്രീ കുഞ്ഞിമുഹമ്മത്

കരാർ: /AE/LSGD/45/17-18/20-11.17 ( 0.2% കുറവ് )

അളവ് പുസ്തകം: 45/17-18

ചെലവ്: 186604 രൂപ (ബിൽ 10/18-19/23-6-18)

മൂല്യനിർണ്ണയം: 186977.65

(-) 0.2% ടെണ്ടർ കുറവ് 373.96

ബാക്കി: 186604

(-) നികുതി2% 3732

കരാറുകാരന്: 182872

അപാകതകൾ

1) ഓട് മരം എന്നിവ ഉപയോഗിച്ചുള്ള പഴയ മേൽക്കൂര മാറ്റി GI pipe, ഓട് എന്നിവ ഉപയോഗിച്ച് പുതിയ മേൽക്കൂര നിർമിക്കുന്നതിനുള്ളതാണ് മേൽ പദ്ധതി. ഇനം (1) പ്രകാരം 59.32 m2 പൊളിച്ച് മാറ്റുകയും ഇനം (3) പ്രകാരം 17.40 m2 പുതിയ ഓട് മേയുകയും ഇനം (4) പ്രകാരം 45.154 m2 പഴയ ഓട് മേയുകയും ചെയ്തിട്ടുണ്ടെന്നാണ് അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയുട്ടുള്ളത്. എന്നാൽ, 12.11.2019 ന് ഓവർസീയറുടെ സാന്ന്യദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പുതിയ ഓട് മേഞ്ഞതായി കണ്ടില്ല. സ്ഥലപരിശോധനാ റിപ്പോർട്ടിൽ ഓവർസീയർ ഇക്കാര്യം സമ്മതിച്ചിട്ടുമുണ്ട്. മാത്രമല്ല, പഴയ 100 ഓളം ഓട് അംഗനവാടിക്കരികിലായി അട്ടി വെച്ചതായും കാണുന്നുണ്ട്. ആയതിനാൽ, ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 20/14-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പ്രവൃത്തി സ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ ഓട്, മരം എന്നിവ ലേലം ചെയ്യുകയോ പുനരുപയോഗിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ, ക്രമ നംപർ (1)ഇനത്തിൽ കരാറുകാരന് നൽകിയ 5460/ രൂപ (17.40*333.68/m2 = 5806.03) കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതും ക്രമ നംപർ (2) ന് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 02.08.2019 & 03.08.2019 | കെ.എസ്.എ.എം.പി.എം.5/1196/2019 തി.22.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വണ്ടൂർ ബ്ലോക്ക് | 400000 | 14/18-19- ലൈഫ് ഭവനപദ്ധതി ജനറൽ. | 400000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 700000 | 166/18-19- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. | 700000 | 0 |
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 1111360 | 172/18-19- എളേടത്ത് പടി എസ്.സി കോളനി റോഡ് ടാറിംഗ്. | 882630 | 278730 |
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 611360 | 173/18-19- മാത്തിൽകുളം ജംഗ്ഷൻ കോളനി ഷാപ്പുംപടി റോഡ് ടാറിംഗ്. | 500626 | 110734 |
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | 174/18-19- പുളിയശ്ശേരി എസ്.സി കോളനി റോഡ് ടാറിംഗ്. | 220843 | 279157 |
| ജില്ലാ പഞ്ചായത്ത് | 832040 | 14/18-19- ലൈഫ് ഭവനപദ്ധതി – ജനറൽ. | 830000 | 2040 |
| ജില്ലാ പഞ്ചായത്ത് | 600000 | 18/18-19- ലൈഫ് ഭവനപദ്ധതി – പട്ടികജാതി. | 420000 | 180000 |
| ജില്ലാ പഞ്ചായത്ത് | 337500 | 24/18-19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 329272 | 8228 |
| ജില്ലാ പഞ്ചായത്ത് | 1115690 | 8/18-19- ലൈഫ് ഭവന നിർമ്മാണ പദ്ധതി. | 1115690 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 550000 | 8/18-19- ലൈഫ് ഭവന നിർമ്മാണ പദ്ധതി. | 550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 221/18-19- പാലിന് സബ്സിഡി. | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 555680 | 210/18-19- പനങ്ങോട് എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ്. | 384191 | 171489 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ആർദ്രം മിഷൻ | 254/18-19 – പി.എച്ച്.സി കെട്ടിട നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ. | 21800905 /13.03.2019 | 300000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 300000 |
| മിഷൻ ഡയറക്ടർ, MGNREGS | 253/18-19 തൊഴിലുറപ്പ് പദ്ധതി പ്രകാരം അങ്കണവാടി നിർമ്മാണം | 21800906 /14.03.2019 | 100000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് വിഹിതം നൽകൽ. | | | | | |
| മിഷൻ ഡയറക്ടർ, MGNREGS | 253/18-19 തൊഴിലുറപ്പ് പദ്ധതി പ്രകാരം അങ്കണവാടി നിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ. | 21801012 /13.03.2019 | 200000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9113510 രൂപ വരവുണ്ട്. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ. (എം.എസ്)നം. 227/LSGD തിയതി 18.08.18 | 9113510 | 0 | 0 | 0 | 9113510 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 | 26 | 2004-05 | | മരാമത്ത് പണികൾ പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2000-01 2001-02 | 22 | 2004-05 | | അവസാന ബില്ല്, പദ്ധതി നിർവ്വഹണ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2004-05 | 3(9) | 2006-07 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് – പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(34) | 2006-07 | | മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല. പദ്ധതി പണം പാഴായി. | നിലനിൽക്കുന്നു. |
| 2014-15 | 2(4) | 2014-15 | | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. | നിലനിൽക്കുന്നു. |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1. | 2002-03 | 2-7 | ശ്രീ.നീലകണ്ഠൻ, ഹെഡ്ക്ലർക്ക്. | LF-11153/ Spl.cell/16411/SC5/2006 Dt. 07.04.2009 | 5500 | 0 | -- | -- | -- | 0 | 5500 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| ഇല്ല | | | ഇല്ല | | | | | ഇല്ല | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79453804 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73602956 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11774 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1607499 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2967 | ശ്രീമതി.ഗ്രീഷ്മ.ജി.ആർ,അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | | 3347 | ശ്രീമതി.ഗ്രീഷ്മ.ജി.ആർ,അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 5460 | ശ്രീമതി.ഗ്രീഷ്മ.ജി.ആർ,അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 11774 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 739500 | ശ്രീ.എം.ജിനചന്ദ്രൻ,സെക്രട്ടറി |
| 1-27 | 24266 | ശ്രീ.മുഹമ്മദാലി.എ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-28 | 360630 | ശ്രീ.മുഹമ്മദ് സജിൽ, മെഡിക്കൽ ഓഫീസർ പി.എച്ച്സി. |
| 1-30 | 467500 | ശ്രീമതി.ലിനി.ജി,കൃഷി ഓഫീസർ |
| 1-32 | 15603 | ഡോ. പി. ഉണ്ണികൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ആയുർ വേദം |
| ആകെ | 1607499 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗ്രീഷ്മ.ജി.ആർ,അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,വണ്ടൂർ ഗ്രാമ പഞ്ചായത്ത് | ത്രിവേണി,എടക്കുന്നം,ചാരരമൂട്.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>1999-00 | എൽ.എഫ്.എം.6/392/04 തിയ്യതി:14.02.2011 | 27 |
| | | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01<br>2001-02 | എൽ.എഫ്.എം.6/811/04<br>തിയ്യതി: 14.02.2011 | 08 |
| 1998-99 | എൽ.എഫ്.എം.6/1617/06<br>തിയ്യതി: 14.02.2011 | 09 |
| 1999-00 | എൽ.എഫ്.എം.6/1618/06<br>തിയ്യതി: 14.02.2011 | 05 |
| 2000-01 | എൽ.എഫ്.എം.6/1619 /06<br>തിയ്യതി:14.02.2011 | 03 |
| 2001-02 | എൽ.എഫ്.എം.6/1681/04<br>തിയ്യതി: 14.02.2011 | 21 |
| 2002-03 | എൽ.എഫ്.എം.6/1839/05<br>തിയ്യതി: 14.02.2011 | 15 |
| 2003-04 | എൽ.എഫ്.എം.6/1832/04<br>തിയ്യതി:14.02.2011 | 22 |
| 2004-05 | എൽ.എഫ്.എം.6/94/07<br>തിയ്യതി: 14.02.2011 | 30 |
| 2005-06 | എൽ.എഫ്.എം.6/269/09<br>തിയ്യതി: 08.10.2009 | 23 |
| 2006-07 | എൽ.എഫ്.എം.5/1653/09-<br>തിയ്യതി:12.06.2012 | 28 |
| 2007-08 | എൽ.എഫ്.എം.5/3338/14<br>തിയ്യതി: 10.12.2014 | 20 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.5/2129A/12<br>തിയ്യതി: 24.09.2012 | 28 |
| 2011-12 & 2012-13 | എൽ.എഫ്.എം.5/2225/14<br>തിയ്യതി: 05.12.2014 | 16 |
| 2013-14 &2014-15 | കെ.എസ്.എ.എം.പി.എം5/1623/16<br>തിയ്യതി: 25.07.2017 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310/16<br>തിയ്യതി:07.01.17 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം 5/1423/17<br>തിയ്യതി:19.07.18 | 15 |
| 2017-18 | കെ.എസ്.എ.എം.പി.എം 5/2626/18<br>തിയ്യതി:10.04.19 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം 5/1196/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22.08.2019

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( ഹയർ ഗ്രേഡ്)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.